എച്ച്.എസ്.എ. റാങ്ക് ലിസ്റ്റ്

33 (38) ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര പേർക്ക് പി.എസ്.സി മുഖേന ജോലി നൽകുകയുണ്ടായി; വിശദാംശം ലഭ്യമാക്കാമോ ;

(ബി) എത്ര പി.എസ്.സി റാങ്ക് ലിസ്റ്റുകൾക്ക് കാലാവധി നീട്ടി നൽകുകയുണ്ടായി ; ഏതെല്ലാം ;

(സി) പി.എസ്.സി യുടെ എത്ര റാങ്ക് ലിസ്റ്റുകൾ നിലവിലുണ്ട്; 31-12-2015-ൽ കാലാവധി കഴിയുന്ന റാങ്ക് ലിസ്റ്റുകളുടെ കാലാവധി നീട്ടി നൽകുന്നതിന് നടപടി സ്വീകരിക്കുമോ ;

(ഡി) തിരുവനന്തപുരം ജില്ലയിലെ എച്ച്.എസ്.എ (എസ്.എസ്) ന്റെ പി.എസ്.സി റാങ്ക് ലിസ്റ്റ് നിലവിലുണ്ടോ ; പ്രസ്തുത റാങ്ക് ലിസ്റ്റ് എന്നാണ് നിലവിൽ വന്നത്; അതിന്റെ കാലാവധി എന്നാണ് തീരുന്നത് ; അതിൽ നിന്ന് എത്ര പേർക്ക് നിയമന ശിപാർശ നൽകുകയുണ്ടായി;

(ഇ) തിരുവനന്തപുരം ജില്ലയിൽ എച്ച്.എസ്.എ (എസ്.എസ്)ന്റെ എത്ര ഒഴിവുകൾ നിലവിലുണ്ട് ; ഒഴിവുകൾ നികത്തുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചു വിശദാംശം ലഭ്യമാക്കാമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 18-5-2011 മുതൽ 31-10-2015 വരെ വിവിധ തസ്തികകളിൽ നിന്നായി ആകെ 1,39,192 പേർക്ക് നിയമന ശിപാർശ നൽകിയിട്ടുണ്ട്.

(ബി&സി) 30-9-2015-ന് നിലവിലുള്ളതും 31-3-2016 (6 മാസം) വരെയുള്ള കാലയളവിൽ അവസാനിക്കുന്നതും നാലര വർഷം പൂർത്തിയാകാത്തതുമായ എല്ലാ റാങ്ക് ലിസ്റ്റുകളുടെയും കാലാവധി ചില വ്യവസ്ഥകൾക്ക് വിധേയമായി സർക്കാരിന്റെ ശിപാർശ പ്രകാരം പി.എസ്.സി. 31-3-2016 വരെ ദീർഘിപ്പിച്ചിട്ടുണ്ട്. ഇതിന്റെ ഫലമായി 1300 റാങ്ക് ലിസ്റ്റുകളുടെ കാലാവധി ദീർഘിപ്പിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) തിരുവനന്തപുരം ജില്ലയിൽ വിദ്യാഭ്യാസ വകുപ്പിൽ എച്ച്.എസ്.എ. (സോഷ്യൽ സ്റ്റഡീസ്) റാങ്ക് പട്ടിക 29-10-2010-ന് നിലവിൽ വരികയും പരമാവധി കാലാവധിയായ 4 ½ വർഷം പൂർത്തിയാക്കി അവസാനിക്കുകയും ചെയ്തിട്ടുണ്ട്. ടി ലിസ്റ്റിൽനിന്നും 119 പേർക്ക് നിയമന ശിപാർശ നൽകിയിട്ടുണ്ട്.

(ഇ) 5 ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ടി തസ്തികയുടെ വിജ്ഞാപനം 31-12-2012 -ന് പുറപ്പെടുവിച്ച് തുടർനടപടികൾ കൈക്കൊണ്ടുവരുന്നു.

പി.എസ്.സി.-യുടെ പ്രവർത്തനം

34 (39) ശ്രീ. പി. തിലോത്തമൻ :
ശ്രീ. ജി. എസ്. ജയലാൽ :
ശ്രീ. വി. ശശി :
ശ്രീ. ചിറ്റയം ഗോപകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള പബ്ലിക് സർവ്വീസ് കമ്മിഷൻ സാമ്പത്തിക പ്രതിസന്ധി നേരിടുന്നുണ്ടോ; ഉണ്ടെങ്കിൽ ഇത്തരം ഒരു പ്രതിസന്ധിയിൽ എത്തിച്ചേരാനുണ്ടായ കാരണങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ ;

(ബി) നിയമനം ഉറപ്പായ ഉദ്യോഗാർത്ഥികളിൽ നിന്നും വെരിഫിക്കേഷൻ ഫീസ് ഈടാക്കാൻ പി.എസ്.സി തീരുമാനിച്ചിട്ടുണ്ടോ ;

(സി) പി.എസ്.സി യുടെ പ്രവർത്തനത്തിനാവശ്യമായ പണം സ്വയം കണ്ടെത്തണമെന്ന് ധനവകുപ്പ് നിർദ്ദേശിച്ചിട്ടുണ്ടോ ;

(ഡി) പരീക്ഷാ സെന്ററുകളുടെ വാടക, ഇൻവിജിലേറ്റർമാരുടെ അലവൻസ് തുടങ്ങിയ ഇനങ്ങളിൽ കടിശ്ശികയുണ്ടോ; വിശദാംശം വെളിപ്പെടുത്തുമോ ;

(ഇ) പി.എസ്.സി യുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനും സാമ്പത്തിക നില മെച്ചപ്പെടുത്തുന്നതിനും എന്തെല്ലാം നടപടികൾ സ്വീകരിച്ചു വരുന്നുണ്ടെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്. പരീക്ഷാ നടത്തിപ്പുമായി ബന്ധപ്പെട്ട ശീർഷകങ്ങളായ 04(1) Tour TA, 28 PPSS, 34 OC എന്നീ ശീർഷകങ്ങളിലും 02 wages, 06 RRT എന്നീ ശീർഷകങ്ങളിലും 2015-16 സാമ്പത്തിക വർഷം ബജറ്റ് വിഹിതത്തേക്കാൾ (Non Plan- charged) കൂടുതൽ ചെലവ് വന്നതിനാലും ബജറ്റ് വിഹിതത്തിൽ മുൻ കാലങ്ങളിലേയുപോലെ ആനുപാതികമായ വർദ്ധനവ് ലഭിക്കാത്തതിനാലും പരീക്ഷാ ചെലവുകൾ, വാടക എന്നിവ വർദ്ധിച്ചതിനാലുമാണ് ഈ പ്രതിസന്ധി ഉണ്ടായിട്ടുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly